
# ഇന്നത്തെ ഇന്ത്യ

# 7

രണ്ടു നൂറ്റാണ്ടോളംകാലം നീണ്ടുനിന്ന ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്ന് ഇന്ത്യ മോചനം നേടിയതിനെപ്പറ്റിയും സ്വാതന്ത്ര്യസമരങ്ങളുടെ വിവിധ ധാരകളെപ്പറ്റിയും മുൻ ക്ലാസുകളിൽ പരിചയപ്പെട്ടിട്ടുണ്ടല്ലോ. ഇന്ത്യൻ സ്വാതന്ത്ര്യസമരം മറ്റു രാജ്യങ്ങളുടേതിൽ നിന്നും വ്യത്യസ്തമായ ഒന്നായിരുന്നു. ലോകത്തിലെ തന്നെ ഏറ്റവും വലിയ ബഹുജനപ്രസ്ഥാനമായിരുന്നു അത്. ബ്രിട്ടീഷ് ഭരണം അടിച്ചേല്പിച്ച ഭയാനകതകൾക്കെതിരെ നിർഭയരായി സമരം ചെയ്ത ഒരു ജനതയുടെ ചരിത്രമാണത്. 1947 ആഗസ്റ്റ് 15-ന് ബ്രിട്ടന്റെ പതാകയായ യൂണിയൻ ജാക്ക് ഇറക്കി തൽസ്ഥാനത്ത് ത്രിവർണപതാക ഉയർത്തിയത് സാമ്രാജ്യത്വശക്തിയുടെ ചരമവും ഒരു പുതിയരാഷ്ട്രത്തിന്റെ ജനനവും വിളംബരം ചെയ്തു.

ഇന്ത്യ സ്വതന്ത്രയാവുന്നു



പാർലമെന്റ് മന്ദിരത്തിലെ സെൻട്രൽ ഹാളിൽ ചേർന്ന ഭരണഘടനാ നിർമ്മാണസഭയുടെ യോഗത്തിൽ ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത ജവഹർലാൽ നെഹ്റു ആഗസ്റ്റ് 14-ാം തീയതി അർദ്ധരാത്രിയിൽ ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു: ''ലോകം മുഴുവൻ ഉറങ്ങിക്കിടക്കുമ്പോൾ ഒരു രാജ്യം സ്വാതന്ത്ര്യത്തിലേക്ക് ഉണർന്നെണീക്കുന്നു.''

*''ബ്രിട്ടീഷ് ഭരണത്തിൻകീഴിൽ ഇന്ത്യയിൽ ആധിപത്യം ചെലുത്തിയ വികാരം ഭയമായിരുന്നു, എല്ലായിടത്തും വ്യാപിക്കുന്ന, പീഡിപ്പിക്കുന്ന, വരിഞ്ഞുമുറുക്കുന്ന ഭയം: പട്ടാളത്തെ, പോലീസിനെ, ചാരന്മാരെ, ഉദ്യോഗസ്ഥവർഗ്ഗത്തെ, മർദ്ദിച്ചൊതുക്കുകയും തുറങ്കിലടയ്ക്കുകയും ചെയ്യുന്ന നിയമവ്യവസ്ഥയെ, ജന്മിയുടെ കിങ്കരന്മാരെ, കൊള്ളപലിശയ്ക്ക് പണം കടംകൊടുക്കുന്നവനെ, എപ്പോഴും പടിവാതിൽക്കൽ നിൽക്കുന്ന തൊഴിലില്ലായ്മയേയും പട്ടിണിയേയും എല്ലാറ്റിനേയും ഭയമായിരുന്നു. സർവ്വവ്യാപിയായ ഈ ഭയത്തിനെതിരെയാണ് ശാന്തമായി എന്നാൽ നിശ്ചയദാർഢ്യത്തോടെ ഗാന്ധിജി ശബ്ദമുയർത്തിയത് നിർഭയരായിരിക്കുക എന്ന്.'' (ജവഹർലാൽ നെഹ്റു 'ഇന്ത്യയെ കണ്ടെത്തൽ')*

## വിഭജനം, ലഹള

ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധി ഒരേസമയം സന്തോഷവും സന്താപവും നൽകുന്നതായിരുന്നു. ദീർഘനാളത്തെ വിദേശഭരണം അവസാനിച്ചതിൽ സന്തോഷമുണ്ടായി. എന്നാൽ വിഭജനവും അഭയാർത്ഥി പ്രവാഹവും രക്തച്ചൊരിച്ചിലും സന്താപവും ഉണ്ടാക്കി.

സ്വാതന്ത്ര്യത്തോടെ രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു. ഇന്ത്യയെന്നും പാകിസ്ഥാനെന്നും. എന്തായിരുന്നു വിഭജനത്തിന്റെ കാരണം?

സ്വാതന്ത്ര്യസമരകാലത്തുതന്നെ ഇന്ത്യൻ ദേശീയതയെ നിർവ്വചിക്കുന്നതിൽ അഭിപ്രായവ്യത്യാസം ഉയർന്നുവന്നു. ഇന്ത്യയുടേത് ഹിന്ദുദേശീയതയാണെന്ന് ഹിന്ദുമഹാസഭ വാദിച്ചു. ഇന്ത്യയിൽ മുസ്ലീം ദേശീയതയും ഉണ്ടെന്ന് സർവേന്ത്യാ മുസ്ലീം ലീഗും (All India Muslim League) വാദിച്ചു. ഇവർ രണ്ടു കൂട്ടരും മതാടിസ്ഥാനത്തിൽ ദേശീയതയെ


ജിന്നയും ഗാന്ധിജിയും

നിർവ്വചിക്കുകയായിരുന്നു. ഇങ്ങനെ ഉയർന്നുവന്ന ദ്വിരാഷ്ട്രവാദത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ വിഭജിക്കണമെന്നായിരുന്നു മുസ്ലീംലീഗിന്റെ ആവശ്യം. ഇന്ത്യയെ വിഭജിച്ച് പാകിസ്ഥാൻ എന്ന പേരിൽ ഒരു രാഷ്ട്രം രൂപീകരിക്കണം എന്നാണ് മുസ്ലീം ലീഗ് നേതാവായ മുഹമ്മദലി ജിന്ന ആവശ്യപ്പെട്ടത്. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഭിന്നിപ്പിച്ച് ഭരിക്കൽ നയത്തിന് ഇതിൽ അനല്പമായ ഒരു പങ്കുണ്ടായിരുന്നു.

ഇന്ത്യൻ നാഷണൽ കോൺഗ്രസ് ദ്വിരാഷ്ട്രവാദത്തെ എതിർത്തു. അഖണ്ഡഭാരതം എന്നതായിരുന്നു കോൺഗ്രസ്സിന്റെ നിലപാട്.

ഇന്ത്യൻ ജനതയ്ക്ക് അധികാരം കൈമാറാമെന്നും അതിന് മുന്നോടിയായി താൽക്കാലികമന്ത്രിസഭയും ഭരണഘടനാനിർമ്മാണസഭയും രൂപീകരിക്കാമെന്നും ക്യാബിനറ്റ് മിഷൻ പദ്ധതിയിൽ ബ്രിട്ടൻ വ്യക്തമാക്കിയിരുന്നു. അതനുസരിച്ച് 1946-ൽ ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഇടക്കാല മന്ത്രിസഭ രൂപീകരിച്ചു. മുസ്ലീംലീഗ് അതിൽ അംഗമാകാൻ വിസമ്മതിക്കുകയും പ്രത്യക്ഷസമരത്തിന് ആഹ്വാനം ചെയ്യുകയും ചെയ്തു. തുടർന്ന് ഇന്ത്യയിൽ പലയിടത്തും വർഗ്ഗീയ ലഹളകൾ പൊട്ടിപ്പുറപ്പെട്ടു.

ലീഗ് പിന്നീട് മന്ത്രിസഭയിൽ ചേർന്നെങ്കിലും പാകിസ്ഥാൻ വാദം ഉപേക്ഷിച്ചില്ല. അഖണ്ഡഭാരതവാദത്തിൽ കോൺഗ്രസ്സും ഉറച്ചുനിന്നു. മുസ്ലീങ്ങൾക്ക് പാകിസ്ഥാൻ നൽകി ഇന്ത്യയെ ഹിന്ദു രാഷ്ട്രമാക്കണമെന്ന് ഹിന്ദുമഹാസഭ ആവശ്യപ്പെട്ടു. ഈ വാദപ്രതിവാദങ്ങൾ വർഗ്ഗീയലഹളകളെ ആളിക്കത്തിച്ചു. പടിവാതിൽക്കലെത്തി നിൽക്കുന്ന സ്വാതന്ത്ര്യം ഈ തർക്കങ്ങളാൽ നഷ്ടപ്പെടുമോയെന്ന് കോൺഗ്രസ്

ഭയപ്പെട്ടു. സ്വാതന്ത്ര്യലബ്ധിക്ക് പാകിസ്ഥാൻ രൂപീകരണം തടസ്സമാവരുതെന്ന് കോൺഗ്രസ് കരുതുകയും ഇന്ത്യാവിഭജനത്തെ അനുകൂലിക്കുകയും ചെയ്തു. എന്നാൽ മഹാത്മാഗാന്ധി ഇതംഗീകരിച്ചില്ല. പക്ഷേ അദ്ദേഹത്തിന്റേത് ഒറ്റപ്പെട്ട ശബ്ദമായിരുന്നു.

പുതിയ വൈസ്രോയിയായി മൗണ്ട്ബാറ്റൺ പ്രഭു 1947 ഫെബ്രുവരിയിൽ ഇന്ത്യയിലെത്തി. ഇന്ത്യയിലെ വിവിധ കക്ഷിനേതാക്കളുമായി ചർച്ച നടത്തി. ഇന്ത്യാവിഭജനത്തിന് അദ്ദേഹം അന്തിമരൂപം നൽകി. ഇതാണ് മൗണ്ട്ബാറ്റൺ പദ്ധതി. ഇത് അദ്ദേഹം ബ്രിട്ടീഷ് സർക്കാരിന് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ബിൽ ജൂൺ മാസത്തിൽ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കുകയും ചെയ്തു. ഇതാണ് ഇന്ത്യൻ സ്വാതന്ത്ര്യനിയമം (Indian Independence Act). ബ്രിട്ടനും ഇന്ത്യയും തമ്മിൽ നിലനിന്ന രണ്ടുനൂറ്റാണ്ടോളം കാലം പഴക്കമുള്ള കൊളോണിയൽ ബന്ധം ഇതോടെ അവസാനിച്ചു.

ലണ്ടനിലെ പ്രസിദ്ധ അഭിഭാഷകനായിരുന്ന സിറിൽ റാഡ്ക്ലിഫിനെയായിരുന്നു വിഭജനത്തിന്റെ വിശദമായ ഭൂപടം തയ്യാറാക്കാൻ ചുമതലപ്പെടുത്തിയത്. പ്രവിശ്യകളും ജില്ലകളും ഗ്രാമങ്ങളും വിഭജിക്കപ്പെട്ടു. ഇന്ത്യയിലെ സമ്പത്സമൃദ്ധമായിരുന്ന പഞ്ചാബും ബംഗാളും വിഭജിക്കപ്പെട്ടു. കിഴക്കൻ ബംഗാളും പടിഞ്ഞാറൻ പഞ്ചാബും പാകിസ്ഥാനിലായി.



ഇന്ത്യയുടെ കിഴക്കും പടിഞ്ഞാറുമായി രണ്ട് കഷ്ണങ്ങളായിട്ടാണ് പാകിസ്ഥാൻ രൂപീകരിക്കപ്പെട്ടത്. വിഭജനകാലത്തെ ഇന്ത്യയുടെ ഭൂപടം നോക്കി പാകിസ്ഥാന്റെ സ്ഥാനം കണ്ടെത്തു. പാകിസ്ഥാനിലുൾപ്പെട്ട പ്രവിശ്യകളേതൊക്കെ? പട്ടികപ്പെടുത്തു.

അധികാരക്കൈമാറ്റവും വിഭജനവും ഒരുമിച്ചാണ് നടന്നത്. പുതിയതായി രൂപീകരിച്ച പാകിസ്ഥാന്റെ രാഷ്ട്രത്തലവനായി മുഹമ്മദലി ജിന്ന 1947 ആഗസ്റ്റ് 14-ന് ലാഹോറിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

ഒന്നായിരുന്ന ഒരു രാഷ്ട്രത്തെ രണ്ടായി വിഭജിച്ച് പുതിയൊരു രാഷ്ട്രം രൂപീകരിക്കുമ്പോൾ എന്തൊക്കെയാണ് പങ്കുവയ്ക്കേണ്ടതായി വരുന്നത്?

- സൈന്യം
- 
- 


## പുഴുക്കുത്തേറ്റ പാകിസ്ഥാൻ

*പഞ്ചാബ്, സിന്ധ്, ബലൂചിസ്ഥാൻ, അഫ്ഗാൻ പ്രവിശ്യ, കശ്മീർ, ബംഗാൾ എന്നീ പ്രവിശ്യകൾ പാകിസ്ഥാനിൽ ഉൾപ്പെടുത്തണം എന്നാണ് ജിന്നയും മുസ്ലീംലീഗും ആവശ്യപ്പെട്ടത്. എന്നാൽ കിട്ടിയതോ? പടിഞ്ഞാറൻ പഞ്ചാബും കിഴക്കൻ ബംഗാളും, കശ്മീർ കിട്ടിയതുമില്ല. അസംതൃപ്തനായ ജിന്ന പറഞ്ഞു തങ്ങൾക്കു കിട്ടിയത് "പുഴുക്കുത്തേറ്റ പാകിസ്ഥാൻ" ആണെന്ന്.*

## ആഗസ്റ്റ് 15

*രണ്ടാം ലോകയുദ്ധാവസാനം കിഴക്കനേഷ്യയിൽ ജപ്പാനെതിരെ ബ്രിട്ടൻ, ഫ്രാൻസ്, അമേരിക്ക എന്നീ രാജ്യങ്ങൾ ചേർന്നു രൂപീകരിച്ച സഖ്യസേനയുടെ സർവ്വസൈന്യാധിപനായിരുന്നു ബ്രിട്ടീഷ് രാജകുടുംബാംഗവും നാവികസേനയിൽ അഡ്മിറലുമായിരുന്ന ലൂയി മൗണ്ട് ബാറ്റൺ. പസഫിക്കിലെ ഹവായ് ദ്വീപസമൂഹം മുതൽ ബംഗാൾ ഉൾക്കടൽവരെയുള്ള പ്രദേശത്തെ രാജ്യങ്ങളെയൊക്കെ അടക്കിവാണിരുന്ന ജപ്പാൻ മൗണ്ട്ബാറ്റന്റെ മുമ്പിൽ ആയുധം വച്ച് കീഴടങ്ങിയത് 1945 ആഗസ്റ്റ് 15 നായിരുന്നു. തന്റെ ജീവിതത്തിലെ ആ അവിസ്മരണീയ ദിനത്തെ ഇന്ത്യയുടെ സ്വാതന്ത്ര്യദിനമായി അദ്ദേഹം തിരഞ്ഞെടുത്തു.*

ഇന്ത്യാക്കാരാണെന്ന ഐക്യബോധത്തോടുകൂടി സമാധാനജീവിതം നയിച്ചിരുന്ന ജനങ്ങളിൽ ഇന്ത്യാവിഭജനം ഹിന്ദുവെന്നും മുസ്ലീമെന്നുമുള്ള വേർതിരിവ് സൃഷ്ടിച്ചു. ഹിന്ദു-മുസ്ലീം നേതാക്കൾ മതവികാരം ആളിക്കത്തിച്ച് വർഗ്ഗീയലഹളകളുണ്ടാക്കി. പതിനായിരക്കണക്കിനാളുകൾ കൊലചെയ്യപ്പെട്ടു. ഹിന്ദുക്കളും സിക്കുകാരും പാകിസ്ഥാനിൽനിന്ന് ഇന്ത്യയിലേക്കും മുസ്ലീങ്ങൾ പാകിസ്ഥാ



വിഭജനകാലത്തെ അഭയാർഥി പ്രവാഹം

നിലേക്കും പലായനം ചെയ്തു. ലക്ഷക്കണക്കിന് അഭയാർത്ഥികളാണ് ഇരുരാജ്യങ്ങളിലേക്കും പ്രവഹിച്ചത്. ചരിത്രത്തിലെ ഏറ്റവും വലിയ അഭയാർത്ഥി പ്രവാഹം. ലാഹോറും ഡൽഹിയും കൽക്കത്തയും വർഗ്ഗീയലഹളയിലമർന്നു. അരക്ഷിതാവസ്ഥയും അരാജകത്വവും എങ്ങും നടമാടി. അഹിംസാത്മകമാർഗ്ഗത്തിലൂടെ, സഹനസമരത്തിലൂടെ, നേടിയെടുത്ത സ്വാതന്ത്ര്യം ഹിംസയിലും അക്രമത്തിലും കലാശിച്ചു.

അക്രമികൾക്ക് മാനസാന്തരമുണ്ടാകാനും ജനങ്ങൾക്ക് ശാന്തിയേകാനും അഭയമന്ത്രവുമുരുവിട്ട് ശാന്തിയാത്ര നടത്തിയ മഹാത്മാഗാന്ധിയുടെ കഥ നിങ്ങൾക്കറിയാമല്ലോ. ഇന്ത്യയ്ക്കകത്ത് ഒരു മുസൽമാനും കൊല്ലപ്പെടാൻ പാടില്ലെന്ന് ഗാന്ധിജി ലഹളക്കാരോട് അഭ്യർത്ഥിച്ചു. വിഭജനവ്യവസ്ഥകൾ പാലിക്കണമെന്നാവശ്യപ്പെട്ട് അദ്ദേഹം ഉപവസിച്ചു. പാകിസ്ഥാനിൽ ഹിന്ദുക്കൾ കൊല്ലപ്പെടുമ്പോൾ ഇന്ത്യയിലെ മുസ്ലീങ്ങളുടെ സംരക്ഷകനായി പ്രവർത്തിക്കുന്ന ഗാന്ധിജിയെ ഹിന്ദുതീവ്രവാദികൾ ശത്രുവായിക്കണ്ടു. ഇതൊക്കെയാണ് അവർ അദ്ദേഹത്തെ കൊലചെയ്യാൻ കാരണം.

### നാട്ടുരാജ്യസംയോജനം

ബ്രിട്ടൻ ഇന്ത്യ വിടുമ്പോൾ അറുന്നൂറിൽപ്പരം നാട്ടുരാജ്യങ്ങൾ ഇന്ത്യയിലുണ്ടായിരുന്നു. മുൻകാലത്ത് ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനിയുമായും ബ്രിട്ടീഷ് ഇന്ത്യൻ സർക്കാരുമായും ഉണ്ടാക്കിയ വിവിധ കരാറുകൾ പ്രകാരം ഈ നാട്ടുരാജ്യങ്ങൾ തങ്ങളുടെ പരമാധികാരം ബ്രിട്ടന് അടിയറവെച്ചിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യനിയമപ്രകാരം ഈ കരാറുകളെല്ലാം റദ്ദാവുകയും നാട്ടുരാജ്യങ്ങൾക്ക് പരമാധികാരം തിരിച്ചുകിട്ടുകയും ചെയ്തു. ഈ നാട്ടുരാജ്യങ്ങൾക്ക് രണ്ട് മാർഗ്ഗങ്ങളാണ് പ്രസ്തുതനിയമം നിർദേശിച്ചത്. ഇന്ത്യയിലോ പാകിസ്ഥാനിലോ ലയിക്കുക അല്ലെങ്കിൽ സ്വതന്ത്രമായി നിൽക്കുക.

വിഭജനത്തിനുശേഷം ഇന്ത്യയ്ക്കകത്ത് 555 നാട്ടുരാജ്യങ്ങളാണുണ്ടായിരുന്നത്. ഈ നാട്ടുരാജ്യങ്ങളിലെല്ലാം തന്നെ ഉത്തരവാദഭരണം സ്ഥാപിക്കുന്നതിനുവേണ്ടി ജനങ്ങൾ സമരം ചെയ്തുവരികയായിരുന്നു. സ്വാതന്ത്ര്യലബ്ധിയോടുകൂടി ഈ നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കേണ്ടത് അനിവാര്യമായി. ഇതിലേക്കായി പുതിയതായി രൂപീകരിച്ചതാണ് സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റ്. ഉപപ്രധാനമന്ത്രി



സർദാർ വല്ലഭഭായ് പട്ടേൽ

യായിരുന്ന സർദാർ വല്ലഭഭായ് പട്ടേലിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ഈ വകുപ്പിന്റെ സെക്രട്ടറിയായിരുന്നു മലയാളിയായ വി. പി. മേനോൻ. നാട്ടുരാജ്യസംയോജനത്തിനായി അദ്ദേഹം തയ്യാറാക്കിയ പരിപാടി 'വി. പി. മേനോൻ പദ്ധതി' എന്ന പേരിൽ അറിയപ്പെടുന്നു.

ഇതനുസരിച്ച് ഭൂമിശാസ്ത്രപരമായ സാമീപ്യമുള്ള നാട്ടുരാജ്യങ്ങളെ മുൻ ബ്രിട്ടീഷ് പ്രവിശ്യകളോടു കൂട്ടിച്ചേർത്തു. ഭൂമിശാസ്ത്രപരമായി തൊട്ടുകിടന്നാലും ഏറെ വിസ്തൃതിയുള്ള നാട്ടുരാജ്യങ്ങളെ അങ്ങനെത്തന്നെ സംസ്ഥാനങ്ങളായി അംഗീകരിച്ചു. ഉദാഹരണം: മൈസൂർ, ഹൈദരാബാദ്, കശ്മീർ. നന്നേ വലിപ്പം കുറഞ്ഞവയും ഒരേഭാഷ സംസാരിക്കുകയും ചെയ്യുന്ന നാട്ടുരാജ്യങ്ങളെ സംയോജിപ്പിച്ച് ഐക്യസംസ്ഥാനങ്ങളാക്കി. അഞ്ചുസംസ്ഥാനങ്ങളാണ് അങ്ങനെ രൂപീകരിക്കപ്പെട്ടത്. മധ്യഭാരത്, രാജസ്ഥാൻ, സൗരാഷ്ട്ര, പെപ്സു (പാട്യാല ആൻഡ് ഈസ്റ്റ് പഞ്ചാബ് സ്റ്റേറ്റ്സ് യൂണിയൻ–PEPSU), തിരുവിതാംകൂർ-കൊച്ചി എന്നിവയാണവ. ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട തന്ത്രപ്രധാനമായ സംസ്ഥാനങ്ങൾ കേന്ദ്രഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കി.



ഭൂപടം നോക്കി ഇവ ഓരോന്നിന്റെയും സ്ഥാനം കണ്ടെത്തു.

1947-ലെ ഇന്ത്യ




ജനകീയസമരങ്ങളുടെ സമ്മർദ്ദത്താലും ഇന്ത്യാഗവൺമെന്റിന്റെ പ്രേരണയാലും നാട്ടുരാജ്യങ്ങളിൽ മൂന്നെണ്ണമൊഴികെ എല്ലാം സ്വാതന്ത്ര്യലബ്ധിക്കു മുമ്പും പിമ്പുമായി ഇന്ത്യൻ യൂണിയനിൽ ലയിച്ചു. ഓരോ രാജാവും ഇന്ത്യാഗവൺമെന്റുമായി ഒരു ലയനക്കരാർ ഒപ്പിടണമായിരുന്നു (Instrument of Accession). വിദേശകാര്യം, പ്രതിരോധം, വാർത്താവിനിമയം എന്നീ മൂന്ന് വകുപ്പുകൾ കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലാക്കാമെന്നായിരുന്നു കരാറിലെ മുഖ്യ വ്യവസ്ഥ.

എന്നാൽ ജുനഗഡ്, ഹൈദരാബാദ്, കശ്മീർ എന്നീ മൂന്ന് നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ലയിക്കാൻ വിസമ്മതിക്കുകയും അത് സൈനിക നടപടിക്ക് ഇടയാക്കുകയും ചെയ്തു.

*സൗരാഷ്ട്രത്തിൽ കടൽത്തീരത്തുകിടക്കുന്ന നന്നേ ചെറിയ ഒരു നാട്ടുരാജ്യമായിരുന്നു ജുനഗഢ്. അവിടത്തെ നവാബ് രാജ്യത്തെ പാകിസ്ഥാനിൽ ലയിപ്പിക്കുമെന്ന് പ്രഖ്യാപിച്ചു. പാകിസ്ഥാൻ അതിർത്തിയിൽ നിന്നും വളരെയകലെ ഇന്ത്യയ്ക്കകത്തായിരുന്നു ജുനഗഢിന്റെ സ്ഥാനം. നവാബിന്റെ പ്രഖ്യാപനം ജനരോഷത്തിനിടയാക്കി. ജുനഗഢിനെ ഇന്ത്യയിൽ ലയിപ്പിക്കണമെന്ന് ജനങ്ങൾ ആവശ്യപ്പെട്ടു. ജുനഗഢിനെ ലയിപ്പിക്കാൻ സമ്മതമാണെന്ന് പാകിസ്ഥാൻ പ്രഖ്യാപിച്ചു. ഇത് പ്രക്ഷുബ്ധമായ അവസ്ഥയുണ്ടാക്കി. ജനകീയപ്രക്ഷോഭത്തെ നേരിടാനാവാതെ നവാബ് നാടുവിട്ടോടി. ജനങ്ങൾ ഒരു താൽക്കാലിക സർക്കാർ രൂപീകരിച്ചു. ദിവാനായിരുന്ന ഷാനവാസ് ഭൂട്ടോ ഇന്ത്യാ ഗവൺമെന്റിനോട് സഹായമഭ്യർത്ഥിച്ചു. ഇന്ത്യൻ സൈന്യം ജുനഗഢിലേക്കു നീങ്ങി. 1948 ഫെബ്രുവരിയിൽ നടത്തിയ ജനഹിതപരിശോധനയിലൂടെ ജുനഗഢ് ഇന്ത്യൻ യൂണിയനിൽ ലയിച്ചു. ഈ ഷാനവാസ് ഭൂട്ടോയുടെ മകനാണ് പിന്നീട് പാകിസ്ഥാൻ പ്രധാനമന്ത്രിയായ സുൽഫിക്കർ അലി ഭൂട്ടോ.*

*ഭൂവിസ്തൃതിയിൽ ബ്രിട്ടനേക്കാൾ വലിപ്പമുള്ള സമ്പന്നമായ നാട്ടുരാജ്യമായിരുന്നു ഹൈദരാബാദ്. ഭരണാധികാരിയായ നൈസാം ഹൈദരാബാദിനെ സ്വതന്ത്രരാജ്യമായി പ്രഖ്യാപിച്ചു. ഇതിനെതിരെ ജനങ്ങൾ ഉത്തരവാദഭരണത്തിനായി പ്രക്ഷോഭമാരംഭിച്ചു. 1946 മുതൽ തന്നെ തെലുങ്കാനയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ജന്മിമാരിൽ നിന്ന് ഭൂമി പിടിച്ചെടുക്കുന്നതിനുള്ള കർഷകസമരം ആരംഭിച്ചിരുന്നു. ഭൂവുടമകളായ ജന്മിമാരും മുസ്ലീം പ്രമാണിമാരും അവരുടെ സായുധസേനയായ റസാക്കർമാരും ചേർന്നാണ് നൈസാമിന്റെ ഭരണത്തെ നിലനിറുത്തിയിരുന്നത്. നൈസാം സ്വാതന്ത്ര്യം പ്രഖ്യാപിച്ചതോടുകൂടി റസാക്കർമാർ ജനകീയസമരത്തെ ക്രൂരമായി അടിച്ചമർത്താൻ തുടങ്ങി. ഈ ഘട്ടത്തിൽ ഇന്ത്യൻ സൈന്യം ഹൈദരാബാദിലേക്കു നീങ്ങുകയും ഭയപ്പെട്ട നൈസാം ലയനക്കരാറിൽ ഒപ്പുവയ്ക്കുകയും ചെയ്തു.*

*പാകിസ്ഥാനിൽ ചേർക്കണമെന്ന് മുഹമ്മദലി ജിന്ന ആഗ്രഹിച്ചിരുന്ന നാട്ടുരാജ്യമായിരുന്നു കശ്മീർ. അവിടത്തെ രാജാവ് ഹരിസിംഗ് ബഹദൂർ കശ്മീർ സ്വതന്ത്രമായി നിൽക്കുമെന്ന് പ്രഖ്യാപിച്ചു. അവിടെ ഉത്തരവാദഭരണം സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് പ്രക്ഷോഭം നടത്തി വന്നിരുന്ന സംഘടനയായിരുന്നു ഷെയ്ക് അബ്ദുള്ളയുടെ നേതൃത്വത്തിലുള്ള നാഷണൽ കോൺഫറൻസ്. കശ്മീർ പാകിസ്ഥാന് കിട്ടാതെ വരികയും രാജാവ് സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയും ചെയ്തതിന്റെ ഫലമായി പാകിസ്ഥാന്റെ ഒത്താശയോടുകൂടി പത്താൻ ഗോത്രവർഗ്ഗക്കാർ ജമ്മു-കശ്മീരിനുനേരെ സൈനികാക്രമണം തുടങ്ങി. തലസ്ഥാനമായ ശ്രീനഗർ ആക്രമിക്കപ്പെട്ടു. ഗത്യന്തരമില്ലാതെ രാജാവ് ഇന്ത്യയോടു സഹായമഭ്യർത്ഥിക്കുകയും ഇന്ത്യയിൽ ലയിക്കാൻ തയ്യാറാണെന്നറിയിക്കുകയും ചെയ്തു. ഉടനെ ഇന്ത്യൻ സൈന്യം ശ്രീനഗറിലെത്തി പത്താൻ വർഗ്ഗക്കാരെ തുരത്തിയോടിച്ചു. കശ്മീരിന്റെ ഒരു ഭാഗം അപ്പോഴേയ്ക്കും പാക് അധീനതയിലായി കഴിഞ്ഞിരുന്നു. കശ്മീർ ഇന്ത്യയിൽ ലയിക്കുകയും നാഷണൽ കോൺഫറൻസ് നേതാവ് ഷെയ്ക് അബ്ദുള്ളയുടെ നേതൃത്വത്തിൽ മന്ത്രിസഭ രൂപീകരിക്കുകയും ചെയ്തു. കശ്മീർ പ്രശ്നം ഇന്ത്യ ഐക്യരാഷ്ട്രസംഘടനയിൽ ഉന്നയിക്കുകയും രക്ഷാസമിതിയുടെ തീരുമാനപ്രകാരം വെടിനിർത്തൽ പ്രഖ്യാപിക്കുകയും ചെയ്തു. പാകിസ്ഥാൻ കയ്യടക്കിയ പ്രദേശമാണ് അധിനിവേശ കശ്മീർ.*

അമേരിക്കൻ ഭരണഘടനയുടെ മാതൃകയിൽ സ്വതന്ത്രരാജ്യമായി നിൽക്കുമെന്ന് പ്രഖ്യാപിച്ച തിരുവിതാംകൂറിനെ കുറിച്ച് കേരളചരിത്രത്തിൽ നിന്നും മനസ്സിലാക്കിയിട്ടുണ്ടല്ലോ. ഇന്ത്യാ ഗവൺമെന്റിന്റെ ഇടപെടലില്ലാതെതന്നെ ജനകീയസമരത്തിന്റെ ഫലമായി തിരുവിതാംകൂർ ഇന്ത്യൻ യൂണിയനിൽ ലയിക്കുകയായിരുന്നു.



“പാടുപെട്ട് നാം നേടിയ സ്വാതന്ത്ര്യം നാട്ടുരാജ്യങ്ങളാവുന്ന വാതായനങ്ങളിലൂടെ നമുക്ക് നഷ്ടമാവാൻ പാടില്ല.” സർദാർ പട്ടേലിന്റെ ഈ വാക്കുകളുടെ വെളിച്ചത്തിൽ നാട്ടുരാജ്യസംയോജനത്തിന്റെ പ്രാധാന്യം ചർച്ച ചെയ്യുക.

## പോണ്ടിച്ചേരിയും ഗോവയും

ബ്രിട്ടൻ, ഫ്രാൻസ്, പോർച്ചുഗൽ, ഹോളണ്ട് എന്നീ യൂറോപ്യൻ രാജ്യങ്ങൾക്കാണല്ലോ ഇന്ത്യയിൽ കോളനികൾ ഉണ്ടായിരുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽത്തന്നെ ഡച്ചുകാർ അവരുടെ അധീനതയിലുണ്ടായിരുന്ന ഇന്ത്യൻ പ്രദേശങ്ങൾ ബ്രിട്ടന് കൈമാറിയിരുന്നു. 1947-ൽ ബ്രിട്ടൻ ഇന്ത്യ വിട്ടു. ഫ്രഞ്ചുകാരുടെ അധീനതയിലായിരുന്ന പോണ്ടിച്ചേരി, മാഹി എന്നീ പ്രദേശങ്ങളും, പോർച്ചുഗീസ് ഉടമസ്ഥതയിലായിരുന്ന ഗോവ, ദാദ്രാ, നാഗർഹവേലി എന്നീ പ്രദേശങ്ങളും 1947-നുശേഷവും ആ രാജ്യങ്ങൾ തന്നെ കൈവശം വച്ചനുഭവിച്ചു പോന്നു.

ഫ്രഞ്ച്-പോർച്ചുഗീസ് ഭരണത്തിനെതിരെ അതാതു പ്രദേശങ്ങളിൽ ശക്തമായ ജനകീയ സമരങ്ങൾ നടന്നുവരികയായിരുന്നു. ബ്രിട്ടീഷുകാർ ഇന്ത്യയ്ക്കു സ്വാതന്ത്ര്യം നൽകിയതിനുശേഷവും ഫ്രാൻസും പോർച്ചുഗലും ഇന്ത്യൻ മണ്ണിൽ തുടരുന്നതിൽ ജനങ്ങൾക്ക് അതിശക്തമായ പ്രതിഷേധമുണ്ടായിരുന്നു. അതിനാൽ 1947-നുശേഷം സമരം ശക്തമായി. ഈ ഘട്ടത്തിൽ ഇന്ത്യാ ഗവൺമെന്റ് ഇടപെടുകയും ഫ്രാൻസും പോർച്ചുഗലും ഇന്ത്യ വിട്ടുപോകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. ഫ്രാൻസ് ആ അഭ്യർത്ഥന മാനിച്ചു. 1954-ൽ അവർ ഇന്ത്യ വിട്ടു. പോണ്ടിച്ചേരി, മാഹി, യാനം, കാരയ്ക്കൽ എന്നീ പ്രദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായി.

എന്നാൽ പോർച്ചുഗൽ അങ്ങനെ പോകാൻ തയ്യാറായിരുന്നില്ല. സൗമ്യമായ അഭ്യർത്ഥനകൾകൊണ്ട് പ്രയോജനമില്ലാതെ വന്നപ്പോൾ ഇന്ത്യൻ സൈന്യം ഗോവയിലേക്കു നീങ്ങി. പോർച്ചുഗൽ ഈ പ്രശ്നം ഐക്യരാഷ്ട്രസഭയുടെ രക്ഷാസമിതിയിൽ ഉന്നയിച്ചു. ബ്രിട്ടനും അമേരിക്കയും പോർച്ചുഗലിനെ പിന്താങ്ങി. രക്ഷാസമിതിയിൽ സോവിയറ്റ് റഷ്യ ഇന്ത്യയ്ക്കനുകൂലമായി വീറ്റോ പ്രയോഗിച്ചു. പോർച്ചുഗൽ ഇന്ത്യയിലേക്ക് സൈന്യത്തെ അയച്ചു. എന്നാൽ ഇന്ത്യയുടെ സുഹൃദ് രാജ്യമായ ഈജിപ്റ്റ് സൂയസ് തോടുവഴിയുള്ള പോർച്ചുഗീസ് കപ്പലുകളുടെ പ്രവേശനം തടഞ്ഞു. ഗത്യന്തരമില്ലാതെ 1961-ൽ പോർച്ചുഗൽ ഇന്ത്യ വിട്ടു. ഗോവയും മറ്റു പ്രദേശങ്ങളും ഇന്ത്യാ സർക്കാരിന്റെ കീഴിലായി.

## ഭരണഘടനയും റിപ്പബ്ലിക്കും

ഇന്ത്യൻ ഭരണഘടന, നിയമനിർമ്മാണസഭ എന്നിവയെക്കുറിച്ച് നിങ്ങൾ മുൻ ക്ലാസുകളിൽ



ഭരണഘടന നിർമ്മാണസഭ

പഠിച്ചുവല്ലോ. 1949 നവംബർ മാസം 26-ാം തീയതി ഭരണഘടനാ നിർമ്മാണസഭ ഐകകണ്ഠ്യേന പാസ്സാക്കിയതാണ് ഇന്ത്യൻ ഭരണഘടന. അതിന്റെ അടിസ്ഥാനത്തിൽ 1950 ജനുവരി 26-ാം തീയതി ഇന്ത്യ സ്വയം ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു.

*ഇന്ത്യൻ സ്വാതന്ത്ര്യ നിയമപ്രകാരം 1947 ആഗസ്റ്റ് 15-ന് ഇന്ത്യ സ്വതന്ത്രമായ ശേഷം ആദ്യത്തെ പ്രധാനമന്ത്രിയായി ജവഹർലാൽ നെഹ്റു സത്യപ്രതിജ്ഞ ചെയ്തു. നെഹ്റുവിന്റെ അഭ്യർത്ഥനയനുസരിച്ച് മൗണ്ട്ബാറ്റൺ പ്രഭു സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ ഗവർണർ ജനറലായി സ്ഥാനമേറ്റു. പുതിയ ഭരണഘടന നിലവിൽ വന്നപ്പോൾ ഗവർണർ ജനറൽ പദവി ഇല്ലാതാവുകയും ഇന്ത്യൻ റിപ്പബ്ലിക്കിന്റെ പ്രഥമ പ്രസിഡന്റ് രാഷ്ട്രത്തലവനാകുകയും ചെയ്തു.*

അധികാരക്കൈമാറ്റ സമയത്ത് മൗണ്ട്ബാറ്റൺ പ്രഭുവായിരുന്നു ഗവർണർ ജനറൽ. അദ്ദേഹത്തിനുശേഷം സി. രാജഗോപാലാചാരി ഗവർണർ ജനറലായി ചുമതലയേറ്റു. ഭരണഘടന നിലവിൽ വരികയും ഇന്ത്യ റിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തപ്പോൾ രാഷ്ട്രത്തലവനായ രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, മന്ത്രിസഭാംഗങ്ങൾ, പാർലമെന്റ് എന്നിവയെല്ലാം തിരഞ്ഞെടുക്കപ്പെടേണ്ടതായി വന്നു. അതിലേക്കായി നിയമങ്ങളും ചട്ടങ്ങളും തയ്യാറാക്കി. 1952-ൽ ആദ്യത്തെ പൊതുതിരഞ്ഞെടുപ്പു നടന്നു. ഭരണഘടനപ്രകാരം ഭൂരിപക്ഷ കക്ഷിയുടെ നേതാവാകണം പ്രധാനമന്ത്രി. അതനുസരിച്ച് കോൺഗ്രസ്സ് പാർലമെന്ററി പാർട്ടിയുടെ നേതാവായ ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടു. പ്രതിപക്ഷത്തെ ഏറ്റവും വലിയ ഒറ്റക്കക്ഷിയായ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ് എ. കെ. ഗോപാലൻ പ്രതിപക്ഷ ഗ്രൂപ്പ് നേതാവായും തിരഞ്ഞെടുക്കപ്പെട്ടു.


ഡോ. രാജേന്ദ്രപ്രസാദ്


ജവഹർലാൽ നെഹ്റു

രാഷ്ട്രപതിയായി ഡോ. രാജേന്ദ്രപ്രസാദും ഉപ രാഷ്ട്രപതിയായി ഡോ. എസ്. രാധാകൃഷ്ണനും തിരഞ്ഞെടുക്കപ്പെട്ടു.


## സംസ്ഥാന പുനഃസംഘടന

സ്വതന്ത്ര രാഷ്ട്രമായ ഇന്ത്യയ്ക്ക് തുടക്കം മുതൽ തന്നെ നിരവധി പ്രശ്നങ്ങളാണ് നേരിടാനുണ്ടായിരുന്നത്. കശ്മീരിനെച്ചൊല്ലി പാകിസ്ഥാനുമായുള്ള യുദ്ധം, ഹിന്ദു മുസ്ലീം വർഗ്ഗീയലഹളകൾ, അഭയാർത്ഥിപ്രശ്നം, നാട്ടുരാജ്യസംയോജനം, ഭക്ഷ്യദൗർലഭ്യം തുടങ്ങിയ നാനാവിധങ്ങളായ വിഷമതകളെയാണ് നേരിടേണ്ടിയിരുന്നത്. നെഹ്റുവിന്റെ നേതൃത്വത്തിൽ 1946-ൽ രൂപീകൃതമായ ഇടക്കാലമന്ത്രിസഭ ശുഷ്കാന്തിയോടുകൂടി ഈ പ്രശ്നങ്ങൾ കൈകാര്യം ചെയ്തു.

ചെറുതും വലുതുമായ നിരവധി നാട്ടുരാജ്യങ്ങളെ ഇന്ത്യയിൽ ലയിപ്പിച്ചത് നിങ്ങൾ കണ്ടതാണല്ലോ. ഇന്ത്യയിലെ സംസ്ഥാനങ്ങളായിത്തീർന്ന ഈ നാട്ടുരാജ്യങ്ങളിലെ ജനങ്ങളുടെ പ്രശ്നങ്ങളെന്തായിരുന്നു? ഒരേഭാഷ സംസാരിക്കുകയും ഒരേ ജീവിതശൈലി അവലംബിക്കുകയും ചെയ്യുന്ന ജനങ്ങൾ ഭരണപരമായി വ്യത്യസ്ത സംസ്ഥാനങ്ങളിലായി. മലയാളികളുടെ അവസ്ഥ നോക്കൂ. തിരു-കൊച്ചിയിലെ മലയാളികൾ ഒരു ഭരണത്തിൻകീഴിൽ, മലബാറിലെ മലയാളികൾ മദിരാശി സർക്കാരിന്റെ കീഴിൽ.

ഈ പ്രശ്നത്തിനൊരു പരിഹാരം കാണേണ്ടത് നെഹ്റുവിന്റെ നേതൃത്വത്തിലുള്ള ഒന്നാമത്തെ മന്ത്രിസഭയുടെ ഉത്തരവാദിത്വമായിരുന്നു. സംസ്ഥാനങ്ങളുടെ പുനഃസംഘടനയ്ക്ക് എന്തായിരിക്കണം മാനദണ്ഡം? ഭൂവിസ്തൃതി, ജനസംഖ്യ എന്നിങ്ങനെ പലഘടകങ്ങളെയും പരിഗണിച്ചു. സ്വാതന്ത്ര്യലബ്ധിക്കു മുൻപുതന്നെ ഈ പ്രശ്നം ചർച്ചാവിഷയമായിരുന്നു. മതാടിസ്ഥാനത്തിൽ ദേശീയതയെ നിർവചിക്കുന്ന സന്ദർഭത്തിൽ അതിനെതിരെ ഉന്നയിക്കപ്പെട്ട ശക്തമായ വാദമായിരുന്നു ഭാഷാടിസ്ഥാനത്തിൽ ദേശീയതയെ നിർണയിക്കണമെന്നുള്ളത്. ഒരേ മതവിശ്വാസികൾ തന്നെ പല ഭാഷ സംസാരിക്കുന്നവരാണ്. ഒരേഭാഷ സംസാരിക്കുന്നവർ തന്നെ പല മതങ്ങളിലും വിശ്വസിക്കുന്നവരാണ്. ആശയവിനിമയത്തിനും സംസ്കാരരൂപീകരണത്തിലും ഭാഷയ്ക്ക് ശക്തമായ സ്വാധീനമുള്ളതിനാൽ ഭാഷാടിസ്ഥാനത്തിലാവണം ദേശീയത നിർണയിക്കപ്പെടേണ്ടത് എന്ന ശക്തമായ വാദം സ്വാതന്ത്ര്യലബ്ധിക്ക് മുൻപുതന്നെ ഉയർന്നുവന്നിരുന്നു. എന്നാൽ ജിന്നയെപ്പോലുള്ള രാഷ്ട്രീയ നേതാക്കളുടെ മുന്നിൽ അത് അംഗീകരിക്കപ്പെട്ടില്ല.

ഇന്ത്യ - സംസ്ഥാനങ്ങളും ഭാഷയും



സ്വാതന്ത്ര്യലബ്ധിക്കുശേഷം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിക്കണമെന്ന വാദം ശക്തമായി. തെലുങ്കുഭാഷ സംസാരിക്കുന്നവർക്കു വേണ്ടി ആന്ധ്രാ സംസ്ഥാനം രൂപീകരിക്കണമെന്ന ആവശ്യമുന്നയിച്ചുകൊണ്ട് സ്വാതന്ത്ര്യസമരസേനാനിയായ പോറ്റി ശ്രീരാമലു നിരാഹാരസത്യാഗ്രഹമനുഷ്ഠിച്ച് രക്തസാക്ഷിയായി. അങ്ങനെ ആന്ധ്രസംസ്ഥാനം രൂപീകരിക്കാൻ കേന്ദ്ര സർക്കാർ നിർബന്ധിതമായി. ഈ പ്രശ്നത്തിന് ഒരു പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി സംസ്ഥാന പുനഃസംഘടനാ കമ്മീഷനെ കേന്ദ്ര സർക്കാർ നിയോഗിച്ചു. ജസ്റ്റീസ് ഫസൽ അലി, സർദാർ കെ. എം. പണിക്കർ, ഹൃദയനാഥ് കുൺസ്രു എന്നിവരായിരുന്നു കമ്മീഷനിലെ അംഗങ്ങൾ. 1953-ൽ നിലവിൽ വന്ന കമ്മീഷൻ വിശദമായ തെളിവെടുപ്പിനും ചർച്ചകൾക്കും ശേഷം 1955-ൽ കേന്ദ്രസർക്കാരിന് റിപ്പോർട്ടു സമർപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ബിൽ 1956-ൽ പാർലമെന്റ് പാസ്സാക്കുകയും നവംബർ 1-ന് പ്രാബല്യത്തിൽ വരികയും ചെയ്തു. പതിന്നാല് ഭാഷാ സംസ്ഥാനങ്ങളും ആറ് കേന്ദ്രഭരണ പ്രദേശങ്ങളുമാണ് അതിൻപ്രകാരം രൂപീകൃതമായത്.

മറാത്തി, ഗുജറാത്തി എന്നീ ഭാഷകൾ സംസാരിക്കുന്ന ബോംബെ സംസ്ഥാനത്തേയും പഞ്ചാബിയും ഹരിയാൺവിയും സംസാരിക്കുന്ന പഞ്ചാബിനേയും വിഭജിക്കേണ്ട എന്നായിരുന്നു കമ്മീഷന്റെ ശുപാർശ. ജനകീയപ്രക്ഷോഭം ശക്തമായതിനാൽ 1961 -ൽ ബോംബെസംസ്ഥാനത്തെ വിഭജിച്ച് മഹാരാഷ്ട്രയും ഗുജറാത്തുമെന്ന പേരിൽ രണ്ട് സംസ്ഥാനങ്ങളുണ്ടാക്കി. പഞ്ചാബ്, ഹരിയാന എന്നീ സംസ്ഥാനങ്ങൾ 1969-ലും രൂപീകരിക്കപ്പെട്ടു.

ഇന്ത്യയുടെ വടക്കുകിഴക്ക് ഗോത്രവർഗ്ഗക്കാർ അധിവസിക്കുന്ന പല നാട്ടുരാജ്യങ്ങളും ഉണ്ടായിരുന്നു. ചൈനയുമായും മ്യാൻമാറുമായും അതിർത്തി പങ്കിടുന്ന പ്രദേശമായതിനാൽ ഇവ വടക്കു കിഴക്കൻ അതിർത്തി പ്രദേശം (North Eastern Frontier Agency-NEFA) എന്ന കേന്ദ്ര ഭരണ പ്രദേശമായി നിലനിർത്തി. അതേപോലെ മണിപ്പൂരും നാഗാലാന്റും കേന്ദ്രഭരണപ്രദേശങ്ങളാക്കി. ഈ പ്രദേശത്ത് ആസാമിനുമാത്രമായിരുന്നു സംസ്ഥാന പദവി. സംസ്ഥാന പദവിക്കുവേണ്ടി മറ്റു ജനതകൾ പ്രക്ഷോഭം നയിച്ചു.

ഭാഷാടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങൾ രൂപീകരിക്കേണ്ടത് എന്ന തത്ത്വം നിലനിൽക്കുമ്പോൾ തന്നെ പ്രാദേശിക വാദത്തിന്റെ സമ്മർദ്ദത്താൽ ഉത്തരാഞ്ചൽ, ഝാർഖണ്ഡ്, ഛത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങൾ പിന്നീട് രൂപീകരിക്കപ്പെട്ടു.



ഇന്നത്തെ ഇന്ത്യൻ സംസ്ഥാനങ്ങളും അവിടങ്ങളിലെ ഭാഷകളും കാണിക്കുന്ന പട്ടിക തയ്യാറാക്കുക.

ഇന്ത്യയുടെ വടക്ക് ഹിമാലയസാനുക്കളിൽ മൂന്ന് സ്വതന്ത്രരാഷ്ട്രങ്ങളാണുണ്ടായിരുന്നത്. നേപ്പാൾ, ഭൂട്ടാൻ, സിക്കിം എന്നിവ. മൂന്നിന്റേയും വിദേശനയം നിയന്ത്രിച്ചിരുന്നത് ഇന്ത്യയായിരുന്നു. സിക്കിം ജനതയുടെ അഭിലാഷമനുസരിച്ച് അവിടത്തെ പാർലമെന്റ് നിയമം പാസ്സാക്കി സ്വതന്ത്രരാഷ്ട്രമെന്ന

*മതാടിസ്ഥാനത്തിൽ ദേശീയതയെ നിർണയിക്കണമെന്ന വാദം ശക്തിയായി ഉന്നയിക്കപ്പെട്ട 1940 കളിൽ അതിൽ നിന്ന് വ്യത്യസ്തമായി ഭാഷയുടേയും സംസ്കാരത്തിന്റേയും അടിസ്ഥാനത്തിലായിരിക്കണം ദേശീയതയെ നിർണയിക്കേണ്ടത് എന്ന് സമർത്ഥിക്കുന്ന മൂന്ന് പുസ്തകങ്ങൾ പ്രസിദ്ധീകൃതമായി. ബംഗാളി, ബിഹാറി, ഒറിയ, അസമിയ തുടങ്ങിയ പലഭാഷകൾ സംസാരിക്കുന്ന ബംഗാൾ പ്രവിശ്യയെ ഭാഷാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കണമെന്ന ആവശ്യമാണ് ഭവാനിസെന്നിന്റെ 'നൂതൻ ബംഗാൾ' എന്ന കൃതിയുടെ ഉള്ളടക്കം. മദിരാശി, ബോംബെ, ഹൈദരാബാദ്, ഒറീസ എന്നീ സംസ്ഥാനങ്ങളിലായി അധിവസിക്കുന്ന തെലുങ്കർക്ക് പ്രത്യേക സംസ്ഥാനം വേണമെന്ന ആവശ്യമാണ് പി. സുന്ദരയ്യയുടെ 'വിശാലാന്ധ്ര' എന്ന പുസ്തകത്തിലുള്ളത്. തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങളിലും മദിരാശി പ്രവിശ്യയുടെ ഭാഗമായ മലബാറിലുമായി അധിവസിക്കുന്ന മലയാളികൾക്ക് പ്രത്യേക സംസ്ഥാനം വേണമെന്ന ആവശ്യമാണ് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ 'ഒന്നേകാൽ കോടി മലയാളികൾ' എന്ന കൃതിയിലുള്ളത്.*

പദവി ഉപേക്ഷിക്കുകയും 1976-ൽ ഇന്ത്യൻ യൂണിയനിൽ ലയിക്കുകയും ചെയ്തു.

### സമ്പദ്ഘടന

സ്വാതന്ത്ര്യലബ്ധിക്കുമുമ്പുതന്നെ ഇന്ത്യയുടെ ഭാവിസമ്പദ്ഘടന രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയുള്ള സജീവമായ ചർച്ചകൾ നടക്കുന്നുണ്ടായിരുന്നു. ആസൂത്രിതസമ്പദ്ഘടനയുടെയും പഞ്ചവത്സരപദ്ധതികളുടെയും ഫലമായി സോവിയറ്റ് യൂണിയൻ കൈവരിച്ച അത്ഭുതപൂർവ്വമായ നേട്ടങ്ങൾ നെഹ്റുവിനെ ആകർഷിച്ചിരുന്നു. സോഷ്യലിസത്തിൽ ആകൃഷ്ടനായ അദ്ദേഹവും സുഹൃത്തുക്കളും കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ച് പ്രവർത്തിച്ചിരുന്ന കാര്യം നിങ്ങൾക്കറിവുള്ളതാണല്ലോ. സോവിയറ്റ് മാതൃകയിൽ ആസൂത്രിത സമ്പദ്ഘടന വേണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. 1931-ൽ കറാച്ചിയിൽ ചേർന്ന കോൺഗ്രസ് സമ്മേളനം അത്തരത്തിലുള്ള ഒരു പ്രമേയം അംഗീകരിക്കുകയും ചെയ്തിരുന്നു. വ്യാവസായിക കാർഷിക വികസനങ്ങൾക്കായിരുന്നു അത് മുൻതൂക്കം നൽകിയത്. ഗ്രാമീണസമ്പദ്ഘടനയുടെ വികാസത്തിന് ഗാന്ധിജി മുൻഗണന നൽകി.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ തന്നെ സ്വകാര്യസംരംഭകർ വ്യവസായശാലകൾ ആരംഭിച്ചിരുന്നു. വിദേശവസ്തുക്കൾ ബഹിഷ്കരിക്കാനുള്ള സ്വദേശിപ്രസ്ഥാനത്തിന്റെ ആഹ്വാനത്തെത്തുടർന്നാണ് ഇത്തരം വ്യവസായികൾ രംഗത്തുവന്നത്. ഇരുമ്പുരുക്ക് നിർമ്മാണം, വസ്ത്രനിർമ്മാണം, കൽക്കരി ഖനനം, വ്യാപാരം, ബാങ്കിംഗ് തുടങ്ങിയ മേഖലകളാണ് ഇങ്ങനെ വികസിക്കാൻ തുടങ്ങിയത്. ടാറ്റ, ബിർള, സിംഘാനിയ, ഡാൽമിയ തുടങ്ങിയ വ്യവസായികൾ സ്വാതന്ത്ര്യലബ്ധിക്കുമുമ്പുതന്നെ സാമ്പത്തികമായി ശക്തിപ്രാപിച്ചിരുന്നു. വിദേശകുത്തകകൾക്കെതിരെ... വിദേശകുത്തജ്ജിച്ചിരുന്നു. സ്വതന്ത്ര വ്യാപാരത്തിനുവേണ്ടി വാദിച്ചിരുന്ന ഇവർ 1929-ലെ സാമ്പത്തിക മാന്ദ്യത്തിന്റെ അനുഭവത്തിൽ നിന്നും ഉൾക്കൊണ്ട പാഠം പൊതുമേഖലയെ ശക്തിപ്പെടുത്തണമെന്നുള്ളതായിരുന്നു. സ്വതന്ത്രമുതലാളിത്തത്തിന്റെ കാലം കഴിഞ്ഞുവെന്ന് അവർ പ്രഖ്യാപിച്ചു. ഇന്ത്യയുടെ ഭാവി സമ്പദ്ഘടനയെപ്പറ്റിയുള്ള അവരുടെ കാഴ്ചപ്പാടാണ് 1940-കളിൽ പ്രസിദ്ധീകരിച്ച 'ബോംബെ പദ്ധതി (Bombay Plan).' കോൺഗ്രസ് പ്രവർത്തകനും റാഡിക്കൽ ഹ്യൂമനിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതാവുമായിരുന്ന എം. എൻ. റോയി അവതരിപ്പിച്ച ജനകീയ പദ്ധതി (Peoples plan) ഇന്ത്യയുടെ ഭാവി സമ്പദ്വ്യവസ്ഥയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ മുന്നോട്ടുവച്ചു.

വ്യത്യസ്തങ്ങളായ ഈ വികസനപദ്ധതികളെല്ലാം പരിഗണിച്ചുകൊണ്ടായിരുന്നു സ്വതന്ത്രഭാരത സർക്കാർ സാമ്പത്തികനയം രൂപപ്പെടുത്തിയത്. പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആസൂത്രണക്കമ്മീഷൻ നിലവിൽ വന്നു. വിദേശരാജ്യങ്ങളിൽ പ്രവർത്തിക്കുകയായിരുന്ന ശാസ്ത്രജ്ഞന്മാരേയും സാമ്പത്തിക വിദഗ്ദ്ധന്മാരേയും ഇന്ത്യയിലേക്ക് ക്ഷണിച്ചുകൊണ്ടുവന്ന് രാഷ്ട്രത്തിന്റെ വികസനത്തിൽ പങ്കാളികളാക്കി.

മിശ്രസമ്പദ്വ്യവസ്ഥയാണ് ഇന്ത്യ സ്വീകരിച്ചത്. മുതലാളിത്തത്തിന്റേയും സോഷ്യലിസത്തിന്റേയും സമന്വയമായിരുന്നു അത്. പൊതുമേഖലയുടെ വികസനത്തിന് മുൻതൂക്കം നൽകി. ഘനവ്യവസായം, ധാതുഖനനം, എണ്ണഖനനം, റയിൽ-വ്യോമഗതാഗതം, സൈനികക്കോപ്പുകളുടെ നിർമ്മാണം എന്നിവ പൊതുമേഖലയിലാക്കി. ഘനവ്യവസായ രംഗത്ത് വിദേശസഹായം സ്വീകരിച്ചു. സോവിയറ്റ് യൂണിയന്റെ സഹായത്തോടുകൂടി ഭിലായിയിലും ബ്രിട്ടന്റെ സഹായത്തോടുകൂടി റൂർക്കേലയിലും ജർമ്മൻ സഹായത്തോടെ ബൊക്കാറോയിലും ഇരുമ്പുരുക്കു വ്യവസായശാലകൾ ആരംഭിച്ചു.

സ്വകാര്യസംരംഭകർക്ക് എല്ലാവിധ സഹകരണങ്ങളും സർക്കാർ നൽകി. സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് വിരലിലെണ്ണാവുന്ന സ്വകാര്യസംരംഭകർ മാത്രമാണ് ഇന്ത്യയിലുണ്ടായിരുന്നത്. അവർക്ക് ബ്രിട്ടീഷ് വ്യവസായികളുമായി കടുത്ത മത്സരത്തിലേർപ്പെടേണ്ടതായും വന്നു. എന്നാൽ സ്വതന്ത്ര ഭാരതം അവർക്ക് എല്ലാവിധ പ്രോത്സാഹനവും നൽകി. സ്വകാര്യസംരംഭകരുടെ എണ്ണം വർദ്ധിച്ചു. കൂടുതൽ മേഖലകളിലേക്ക് അവരുടെ പ്രവർത്തനം വ്യാപിച്ചു.



സ്വതന്ത്രഇന്ത്യയിലെ വ്യാവസായിക പുരോഗതി തൃപ്തികരമാണോ? ചർച്ച ചെയ്യുക. നിങ്ങളുടെ നിർദ്ദേശങ്ങൾ തയ്യാറാക്കുക.

## പഞ്ചവത്സരപദ്ധതികൾ

ഇന്ത്യയിൽ പഞ്ചവത്സരപദ്ധതികൾക്ക് തുടക്കം കുറിക്കുന്നത് 1951-ലാണ്. ഒന്നാം പദ്ധതിയിൽ കൃഷിക്കും 1956 ലാരംഭിച്ച രണ്ടാം പദ്ധതിയിൽ വ്യവസായത്തിനുമാണ് മുൻഗണന നൽകിയത്. ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിന് കാർഷികവികസനം അനിവാര്യമായിരുന്നു. അതിലേക്കായി കൂടുതൽ ഭൂമി കൃഷിക്കുപയുക്തമാക്കേണ്ടതുണ്ടായിരുന്നു. അതിന്റെ ആദ്യപടിയായി നിലവിലുള്ള ഭൂവുടമസ്ഥതയിൽ സമഗ്രമായ മാറ്റം വരുത്തി കൃഷിഭൂമി കർഷകന് ലഭ്യമാക്കണമായിരുന്നു. സെമിന്ദാരി, ജാഗീർദാരി, ജോത്തേദാരി, മഹൽവാരി എന്നിങ്ങനെ വ്യത്യസ്തരീതിയിലുള്ള ജന്മിസമ്പ്രദായം പല സംസ്ഥാനങ്ങളിലും നിലനിൽക്കുന്നുണ്ടായിരുന്നു. സെമീന്ദാരി സമ്പ്രദായം നിറുത്തലാക്കിക്കൊണ്ട് 1948-ൽ തന്നെ കേന്ദ്രസർക്കാർ നിയമം പാസ്സാക്കിയെങ്കിലും അത് ഫലപ്രദമായി നടപ്പാക്കാൻ സംസ്ഥാന സർക്കാരുകൾ തയ്യാറായില്ല. കൃഷിയിൽ താത്പര്യമില്ലാതിരുന്ന ഭൂവുടമകൾ പല സംസ്ഥാനങ്ങളിലും പതിനായിരക്കണക്കിനേക്കർ ഭൂമി തരിശിട്ടു. സമഗ്രമായ ഭൂപരിഷ്കാരം നടപ്പാക്കാത്തതിനാൽ ഭക്ഷ്യോൽപ്പാദനം വേണ്ടത്ര വർദ്ധിപ്പിക്കാൻ കഴിഞ്ഞില്ല.

ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കാനായി സ്വീകരിച്ച മറ്റു നടപടികളാണ് കാർഷികമേഖലയുടെ യന്ത്രവൽക്കരണം, അത്യുൽപ്പാദനശേഷിയുള്ള സങ്കരയിനം വിത്തുകൾ, രാസവളങ്ങൾ, കീടനാശിനികൾ എന്നിവയുടെ ഉൽപ്പാദനം തുടങ്ങിയവ. നിലം ഉഴുന്നതിനും കൊയ്ത്തിനും മെതിക്കും യന്ത്രങ്ങൾ നിലവിൽ വന്നു. വിത്തുല്പാദനത്തിനായി കാർഷികഗവേഷണകേന്ദ്രങ്ങളും കൃഷി ശാസ്ത്രജ്ഞന്മാരെ സൃഷ്ടിക്കുന്നതിനായി കാർഷിക കോളേജുകളും സ്ഥാപിച്ചു.



ഇന്ത്യയിലെ പഞ്ചവൽസര പദ്ധതികളും നടപ്പിലാക്കിയ വർഷവും ഊന്നൽ നൽകിയ മേഖലയും കാണിക്കുന്ന ഒരു പട്ടിക തയ്യാറാക്കുക.

സ്വാതന്ത്ര്യലബ്ധിക്കുമുമ്പുതന്നെ ഇന്ത്യാ ഗവൺമെന്റിന്റെയും ചില നാട്ടുരാജ്യങ്ങളുടെയും ഉടമസ്ഥതയിൽ കൃത്രിമവളം നിർമ്മിക്കുന്നതിനുള്ള വ്യവസായശാലകൾ ആരംഭിച്ചിരുന്നു.

### ഭൂദാനം

*പതിനായിരക്കണക്കിനേക്കർ കൃഷിഭൂമി കൈവശമുണ്ടായിരുന്ന ഭൂവുടമകൾ അത് കൃഷിക്കാർക്ക് നൽകാൻ തയ്യാറായില്ല. ഇത് പല സംസ്ഥാനങ്ങളിലും കർഷകസമരങ്ങൾക്കിടയാക്കി. ഹൈദരാബാദിലെ തെലുങ്കാനയിൽ കർഷകർ സായുധകലാപത്തിലൂടെ മൂവായിരത്തോളം കാർഷിക ഗ്രാമങ്ങൾ പിടിച്ചെടുത്ത് ഭൂരഹിതകർഷകർക്ക് വിതരണം ചെയ്തു. സായുധസമരത്തിന്റെ ആവശ്യമില്ലെന്നും ഭൂവുടമകൾ സ്വമേധയാ ഭൂമി ദാനം ചെയ്യണമെന്നും ഗാന്ധിജിയുടെ സഹപ്രവർത്തകനായിരുന്ന ആചാര്യ വിനോബാഭാവേ അഭ്യർത്ഥിച്ചു. അദ്ദേഹം ആന്ധ്രപ്രദേശിലെ ഭൂവുടമകളെക്കൊണ്ട് ഭൂമി ദാനമായി സമ്പാദിച്ചു. ഇതാണ് ഭൂദാന പ്രസ്ഥാനം. മറ്റു സംസ്ഥാനങ്ങളിലും ഭൂദാനം വഴി ഭൂമി ലഭിച്ചു.*

തിരുവിതാംകൂറിൽ അമോണിയം സൾഫേറ്റ് എന്ന രാസവളം നിർമ്മിക്കുന്നതിനായി സ്ഥാപിച്ച ഫാക്ട് (FACT) എന്ന സ്ഥാപനത്തെപ്പറ്റി നിങ്ങൾക്കറിയാമല്ലോ. ബീഹാറിലെ സിന്ദ്രിയിൽ കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിൽ രാസവളനിർമ്മാണശാല സ്ഥാപിച്ചു.

മഴയെ ആശ്രയിച്ചായിരുന്നു ഇന്ത്യയിൽ കൃഷി ചെയ്തിരുന്നത്. അതിനാൽ മഴ കുറവുള്ള കൊല്ലങ്ങളിൽ കൃഷിഭൂമി തരിശിടേണ്ടതായി വന്നു. നദികളിൽ അണകെട്ടി ജലസേചനസൗകര്യം വികസിപ്പിച്ചെങ്കിൽ മാത്രമേ ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയുകയുള്ളൂ. അതിലേക്കായി വലിയ പല അണക്കെട്ടുകളും നിർമ്മിച്ചു. പഞ്ചാബിൽ സത്‌ലജ് നദിയിൽ ഭക്‌റാനംഗൽ, ഒറീസയിൽ മഹാനദിയിൽ ഹിരാക്കുഡ്, അവിടെത്തന്നെ ദാമോദർ നദീതട പദ്ധതി എന്നിവ ഇങ്ങനെ നിർമ്മിച്ചവയാണ്.

ജലസേചനം, കൃഷിയന്ത്രങ്ങൾ, രാസവളം, കീടനാശിനികൾ, അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ എന്നിവയുടെ നിർമ്മാണത്തിന് വൻതോതിൽ മൂലധനനിക്ഷേപം നടത്തിയതിന്റെ ഫലമായി കാർഷികോൽപ്പാദനം ഗണ്യമായി വർദ്ധിച്ചു. ഇതാണ് ഹരിതവിപ്ലവം എന്ന പേരിൽ അറിയപ്പെട്ടത്.

ഇതുപോലെ കന്നുകാലിപരിപാലനത്തിലും പാലു ല്പാദനത്തിലും വർദ്ധനവുണ്ടാക്കിയ ധവളവിപ്ലവ ത്തെപ്പറ്റി മുൻ ക്ലാസുകളിൽ നിങ്ങൾ മനസ്സിലാക്കി യിട്ടുണ്ടല്ലോ.




ഹരിതവിപ്ലവം, ധവളവിപ്ലവം എന്നിവ ഇന്ത്യയിലെ കാർഷികരംഗത്തുണ്ടാക്കിയ മാറ്റങ്ങൾ ചർച്ച ചെയ്യുക.

### ശാസ്ത്രഗവേഷണം

കാർഷിക-വ്യാവസായിക രംഗങ്ങളിലെ സമഗ്ര വിക സനത്തിന്റെ മുന്നുപാധിയാണ് ശാസ്ത്രഗവേ ഷണരംഗത്തെ പുരോഗതി. ബ്രിട്ടീഷ് ഭരണകാലത്ത് ആരംഭിച്ച സ്ഥാപനങ്ങളെ കൂടുതൽ വിപുലീകരി ക്കുകയും നിരവധി പുതിയ സ്ഥാപനങ്ങൾ തുടങ്ങു കയും ചെയ്തു. അടിസ്ഥാനശാസ്ത്ര വിഷയ ങ്ങളിലെ ഗവേഷണത്തിനായി 1945-ൽ ബോംബെ യിൽ സ്ഥാപിച്ചതായിരുന്നു ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്. കൂടുതൽ ഗവേഷണ സൗക ര്യങ്ങളൊരുക്കി പിന്നീടിത് വികസിപ്പിച്ചു.

ശാസ്ത്രഗവേഷണത്തിന് മാർഗ്ഗനിർദേശം നൽകു ന്നതിനായി പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ശാസ്ത്ര-വ്യാവസായിക ഗവേഷണസമിതി (Council of Scientific and Industrial Research) രൂപീകരിച്ചു. 1947-ൽ ആദ്യത്തെ നാഷ ണൽ ഫിസിക്കൽ ലബോറട്ടറി സ്ഥാപിതമായി. തുടർന്ന് വിവിധ ശാസ്ത്രവിഷയങ്ങളിലെ ഗവേഷ ണത്തിനായി മറ്റു പതിനേഴു ലബോറട്ടറികൾ കൂടി സ്ഥാപിതമായി.

ആണവോർജ്ജത്തെ വികസനാവശ്യത്തിനായി ഉപ യോഗപ്പെടുത്തുക എന്ന ദൗത്യവുമായിട്ടാണ് 1948-ൽ അറ്റോമിക് എനർജി കമ്മീഷൻ സ്ഥാപിച്ചത്. പ്രസിദ്ധ ആണവശാസ്ത്രജ്ഞനായ ഹോമി ജെ. ഭാഭയെ അതിന്റെ അദ്ധ്യക്ഷനായി നിയമിച്ചു. ഏഷ്യ യിലെത്തന്നെ ആദ്യത്തെ ആണവ വൈദ്യുതി ഉൽപ്പാദനകേന്ദ്രം 1956-ൽ ട്രോംബേയിൽ സ്ഥാപിത മായി. തുടർന്ന് പല സ്ഥലങ്ങളിലും ആണവ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള നിലയങ്ങൾ സ്ഥാപിക്കപ്പെട്ടു. സമാധാനപരമായ ആവശ്യ ങ്ങൾക്കു മാത്രമായിരുന്നു നെഹ്റുവിന്റെ കാലത്ത് ആണവോർജ്ജം ഉപയോഗപ്പെടുത്തിയിരുന്നത്. എന്നാൽ ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരിക്കു



ചാന്ദ്രയാൻ ദൗത്യം

മ്പോൾ 1974-ൽ രാജസ്ഥാനിലെ പൊക്രാനിൽ ആദ്യത്തെ ആണവായുധ പരീക്ഷണം നടത്തി. ഇന്ന് അണുബോംബ് നിർമ്മിക്കുന്നതിനുള്ള ശേഷി ഇന്ത്യ നേടിക്കഴിഞ്ഞു.

ബഹിരാകാശഗവേഷണരംഗത്ത് ഇന്ത്യ പര്യവേഷ ണങ്ങൾ ആരംഭിക്കുന്നത് നെഹ്റു പ്രധാനമന്ത്രിയാ യിരിക്കുമ്പോഴാണ്. ബഹിരാകാശഗവേഷണ സമിതി 1962-ൽ സ്ഥാപിതമായി. ആദ്യത്തെ റോക്കറ്റ് വിക്ഷേപണ കേന്ദ്രം തിരുവനന്തപുരത്തിനടുത്തുള്ള തുമ്പയിലായിരുന്നു. (Thumba Equatorial Rocket Launching Station-TERLS) ബഹിരാകാശ ഗവേ ഷണപേടകങ്ങളും ഉപഗ്രഹങ്ങളും വിക്ഷേപിക്കാൻ ശേഷിയുള്ള രാഷ്ട്രമായി ഇന്ന് ഇന്ത്യ മാറിയിരി ക്കുന്നു. ബഹിരാകാശഗവേഷണത്തിനായി ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ (ISRO) ശ്രദ്ധേയമായ പ്രവർത്തനം നടത്തിവരുന്നു. ചാന്ദ്ര യാൻ ദൗത്യത്തെപ്പറ്റി നിങ്ങൾക്കറിവുള്ളതാണല്ലോ. കാലാവസ്ഥാനിരീക്ഷണത്തിനും എണ്ണ-ധാതു പര്യവേഷണത്തിനും വാർത്താവിനിമയത്തിനും സഹായിക്കാൻ കഴിയുന്നതരത്തിൽ ബഹിരാകാശ ഗവേഷണം വികസിച്ചിട്ടുണ്ട്.



ഇന്ത്യ വിക്ഷേപിച്ച പ്രധാനപ്പെട്ട ഉപഗ്രഹങ്ങളെ പട്ടികപ്പെടുത്തുക.

### വിദ്യാഭ്യാസ പുരോഗതി

ബ്രിട്ടീഷ് ഭരണകാലത്തുതന്നെ പ്രൈമറിതലം മുതൽ സർവ്വകലാശാലാതലം വരെയുള്ള വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചിരുന്നുവെങ്കിലും അത് വ്യാപകമാക്കുന്നതിനുള്ള ഒരു നടപടിയും അന്ന് സ്വീകരിച്ചിരുന്നില്ല. വിവിധ വിദ്യാഭ്യാസഘട്ടങ്ങളെ പറ്റിയും ഓരോ ഘട്ടത്തിലും പഠിപ്പിക്കേണ്ട വിഷയങ്ങളെപ്പറ്റിയും പഠിക്കുന്നതിനായി പല വിദ്യാഭ്യാസ കമ്മീഷനുകളേയും അന്ന് നിയമിച്ചിട്ടുണ്ടായിരുന്നു. അതിൽ ഏറ്റവും ശ്രദ്ധേയമായതായിരുന്നു 1945-ലെ സാർജന്റ് കമ്മീഷൻ. ഇന്ത്യാ ഗവൺമെന്റിന്റെ വിദ്യാഭ്യാസ ഉപദേശക സമിതിയുടെ അദ്ധ്യക്ഷനായിരുന്ന ജോൺ സാർജന്റിന്റെ നേതൃത്വത്തിലുണ്ടായിരുന്ന പ്രസ്തുത സമിതിയുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങളെല്ലാം തന്നെ സ്വാതന്ത്ര്യലബ്ധിക്കുശേഷം കേന്ദ്ര സർക്കാർ സ്വീകരിക്കുകയുണ്ടായി.

സ്വതന്ത്രഭാരത സർക്കാർ ആദ്യമായി നിയമിച്ചത് ഉന്നത വിദ്യാഭ്യാസ കമ്മീഷനെയായിരുന്നു (1948). ഡോ. എസ്. രാധാകൃഷ്ണനായിരുന്നു അതിന്റെ അദ്ധ്യക്ഷൻ. ഈ കമ്മീഷന്റെ ശുപാർശപ്രകാരമാണ് പിൽക്കാലത്ത് സർവ്വകലാശാലാ ധനസഹായ സമിതി (യു.ജി.സി.) രൂപീകൃതമായത്.

സെക്കന്ററി വിദ്യാഭ്യാസത്തെപ്പറ്റി പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി 1952-ൽ ലക്ഷ്മണ സ്വാമി മുതലിയാരുടെ നേതൃത്വത്തിൽ മറ്റൊരു കമ്മീഷനും നിയമിതമായി. എന്നാൽ സമഗ്രമായ ശുപാർശകൾ സമർപ്പിച്ചത് 1964-ൽ നിയമിതമായ കോത്താരി കമ്മീഷനായിരുന്നു.

വിദ്യാലയങ്ങളുടെയും കലാലയങ്ങളുടെയും സർവ്വകലാശാലകളുടെയും എണ്ണത്തിൽ വൻവർദ്ധനവാണ് ഇന്നുണ്ടായിരിക്കുന്നത്. എങ്കിലും നിശ്ചിത പ്രായപരിധിയിലുള്ള എല്ലാവർക്കും വിദ്യാഭ്യാസം നൽകുന്നതിനുള്ള സൗകര്യം ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ആറും പതിന്നാലും വയസ്സിനിടയിലുള്ള കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം നൽകുന്നതിനുള്ള വിദ്യാഭ്യാസ അവകാശ നിയമത്തെപ്പറ്റി നിങ്ങൾക്കറിവുള്ളതാണല്ലോ. ഇത് മൗലികാവകാശങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രൈമറിതലത്തിലെ വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനുവേണ്ടി സ്ഥാപിക്കപ്പെട്ട പ്രത്യേക പദ്ധതിയാണ് സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ.) സെക്കന്ററി-ഹയർ സെക്കന്ററി തലത്തിലെ വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനുവേണ്ടി രൂപീകരിക്കപ്പെട്ട പ്രത്യേക പദ്ധതിയാണ് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.).



എൻ.സി.ഇ.ആർ.ടി. എൻ.സി.ടി.ഇ. യു.ജി.സി. എന്നിങ്ങനെ വിദ്യാഭ്യാസ കാര്യങ്ങളുടെ മേൽനോട്ടത്തിനും കാര്യനിർവ്വഹണത്തിനുമായി അഖിലേന്ത്യാതലത്തിൽ നിരവധി സമിതികൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന സമിതികൾ ഏതൊക്കെയാണ്? ഓരോന്നിന്റേയും പ്രവർത്തനമേഖലയെ കാണിക്കുന്ന ഒരു പട്ടിക തയ്യാറാക്കൂ.

### വിദേശനയം

ഇന്ത്യയുടെ വിദേശനയത്തെപ്പറ്റിയും ചേരിചേരാ പ്രസ്ഥാനത്തെപ്പറ്റിയും നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ. ഇന്ത്യയുടെ വിദേശനയം രൂപീകരിക്കുന്നതിൽ ജവഹർലാൽ നെഹ്റുവിന്റെ പങ്ക് നിർണായകമായിരുന്നു. ചേരിചേരാപ്രസ്ഥാനത്തിന്റെ സ്ഥാപക നേതാക്കളിലൊരാൾ അദ്ദേഹമായിരുന്നല്ലോ.

ഇന്ത്യയും ചൈനയുമായുള്ള ഉഭയകക്ഷി ബന്ധങ്ങളുടെ അടിത്തറയായിട്ടായിരുന്നു പഞ്ചശീലതത്ത്വങ്ങൾ അംഗീകരിക്കപ്പെട്ടത്. എന്നാൽ പിന്നീടത് ലോകരാജ്യങ്ങളാകെ അംഗീകരിച്ച സിദ്ധാന്തമായി തീർന്നു.

ഇന്ത്യാവിഭജനത്തിലൂടെ നിലവിൽവന്ന പാകിസ്ഥാനുമായി കശ്മീരിനെച്ചൊല്ലി 1948-ൽ നടന്ന യുദ്ധത്തെപ്പറ്റി നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ. എന്നാൽ ആ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. അതിർത്തിത്തർക്കത്തിന്റെ പേരിൽ 1965-ൽ പാകിസ്ഥാനുമായി ഇന്ത്യയ്ക്ക് യുദ്ധത്തിലേർപ്പെടേണ്ടതായി വന്നു. സോവിയറ്റ് യൂണിയന്റെ മദ്ധ്യസ്ഥതയിൽ ഇരുരാജ്യങ്ങളും ഒപ്പിട്ട താഷ്കെന്റ് കരാർ പ്രകാരം ആ യുദ്ധം അവസാനിച്ചു.

പട്ടാളഭരണത്തിനുകീഴിലമർന്ന പാകിസ്ഥാനിൽ ജനാധിപത്യസംരക്ഷണത്തിനുവേണ്ടി കലാപം നടന്നു. ഇതെത്തുടർന്ന് ആ രാജ്യത്തിന്റെ ഭാഗമായി




ചേരിചേരാപ്രസ്ഥാനത്തിന്റെ ശില്പികൾ ഒരു പോസ്റ്റർ

രുന്ന കിഴക്കൻ പാകിസ്ഥാൻ സ്വാതന്ത്ര്യം പ്രഖ്യാപിച്ച് ബംഗ്ലാദേശ് എന്ന പുതിയ രാഷ്ട്രമായി മാറി. ഇത് ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള മറ്റൊരു യുദ്ധത്തിൽ കലാശിച്ചു. 1971 ഡിസംബറിൽ നടന്ന ഈ യുദ്ധത്തെ തുടർന്ന് 1972-ൽ സിംലയിൽ വച്ച് ഇരുരാജ്യങ്ങളും തമ്മിൽ ഒരു കരാർ ഒപ്പിട്ടു. ബംഗ്ലാദേശിനെ സ്വതന്ത്രരാഷ്ട്രമായി അംഗീകരിക്കാൻ പാകിസ്ഥാൻ നിർബന്ധിതമായി.

ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള നയതന്ത്ര ബന്ധത്തെ ബാധിക്കുന്ന ഒരു തർക്കവിഷയമാണ് ഇപ്പോഴും കശ്മീർ. കാർഗിലിൽ 1998-ൽ വീണ്ടും ഇരുരാജ്യങ്ങളുടേയും സൈന്യം ഏറ്റുമുട്ടുകയുണ്ടായി. ഇപ്പോഴും കശ്മീർ ഒരു നീറുന്ന പ്രശ്നമായി അവശേഷിക്കുന്നു.

പഞ്ചശീലതത്ത്വം അംഗീകരിച്ചെങ്കിലും ഇന്ത്യയും ചൈനയും തമ്മിൽ അതിർത്തിത്തർക്കമുണ്ടായി. വളരെക്കാലമായി രണ്ടു രാജ്യങ്ങളും തമ്മിലുള്ള ബന്ധം വഷളായിത്തുടരുകയായിരുന്നു. ഇത് ഇരുരാജ്യങ്ങളും തമ്മിലുള്ള യുദ്ധത്തിലേക്ക് നയിച്ചു (1962). എന്നാൽ കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി നല്ല ബന്ധം സ്ഥാപിക്കാൻ ഇരുരാജ്യങ്ങൾക്കും സാധിച്ചിട്ടുണ്ട്.

അയൽരാജ്യങ്ങളുമായി നല്ല ബന്ധം പുലർത്താൻ ഇന്ത്യ എപ്പോഴും ശ്രദ്ധിച്ചിട്ടുണ്ട്. ശ്രീലങ്കയിലെ തമിഴ് വംശീയപ്രശ്നം പരിഹരിക്കുന്നതിന് ഇന്ത്യ മുൻകയ്യെടുത്തു. ശ്രീലങ്കയുടെ ഭരണഘടനാചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് തമിഴ് വംശജരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാണ് ഇന്ത്യ ശ്രമിച്ചത്.



സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ നിന്ന് വ്യത്യസ്തമായി ഇന്ന് ഇന്ത്യയുടെ വിദേശനയത്തിൽ എന്തെല്ലാം മാറ്റങ്ങൾ കാണാൻ കഴിയുന്നുണ്ട്. ചർച്ച ചെയ്യുക.

## ജനാധിപത്യം വെല്ലുവിളി നേരിട്ടപ്പോൾ

സ്വതന്ത്രഭാരതത്തെ രണ്ടു ദശകങ്ങളോളം നയിക്കുകയും ഇന്ത്യയുടെ വികസനത്തിന് അടിത്തറയിടുകയും ചെയ്ത ജവഹർലാൽ നെഹ്റു 1964 മേയ് 27-ന് അന്തരിച്ചു. തുടർന്ന് ലാൽ ബഹദൂർ ശാസ്ത്രിയും ശേഷം ഇന്ദിരാഗാന്ധിയും പ്രധാനമന്ത്രിമാരായി. ഭരണകക്ഷിയായ കോൺഗ്രസിനുള്ളിൽ അഭിപ്രായവ്യത്യാസങ്ങൾ പൊട്ടിപ്പുറപ്പെട്ടു. 1967-ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന് ലോകസഭയിൽ നേരിയ ഭൂരിപക്ഷം മാത്രമേ നേടാനായുള്ളൂ എന്നുമാത്രമല്ല ഒൻപതു സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിതര മന്ത്രിസഭകൾ നിലവിൽ വരികയും ചെയ്തു. ഇങ്ങനെ കോൺഗ്രസ് ദുർബലമായ അവസ്ഥയിലെത്തി.

ഈ സന്ദർഭത്തിലാണ് 1969-ൽ രണ്ട് സുപ്രധാന ബില്ലുകൾ ഇന്ദിരാഗാന്ധി പാർലമെന്റിൽ അവതരിപ്പിച്ചത്. ഇന്ത്യൻ യൂണിയനിൽ ലയിച്ച നാട്ടുരാജ്യങ്ങളിലെ ഭരണാധികാരികൾക്ക് നൽകിവന്നിരുന്ന പ്രിവി പഴ്സ് എന്ന പെൻഷൻ നിറുത്തലാക്കുന്നതായിരുന്നു ആദ്യത്തെ ബിൽ. സ്വകാര്യമേഖലയിലുണ്ടായിരുന്ന പതിന്നാലു ബാങ്കുകളെ ദേശസാൽക്കരിക്കുന്നതായിരുന്നു രണ്ടാമത്തേത്. ഇവ രണ്ടിനേയും കോൺഗ്രസ്സിനകത്തെ ഒരു വിഭാഗം എതിർത്തു. ഇടതുപക്ഷം ഒഴികെയുള്ള പ്രതിപക്ഷ കക്ഷികളും ബില്ലിനെ എതിർത്ത് വോട്ടു ചെയ്തു. ബില്ലുകൾ പാസ്സാക്കാൻ ഇന്ദിരാഗാന്ധിക്കു കഴിഞ്ഞില്ല.

കോൺഗ്രസിനുള്ളിൽ അഭിപ്രായവ്യത്യാസം മൂർച്ഛിക്കുകയും അത് രണ്ടായി പിളരുകയും ചെയ്തു. ഇന്ദിരാഗാന്ധിയോടു തെറ്റിപ്പിരിഞ്ഞുപോയ വിഭാഗം സംഘടനാ കോൺഗ്രസ് എന്ന പേരിൽ അറിയപ്പെട്ടു.

കാലാവധികഴിയുന്നതിനു മുൻപുതന്നെ പാർലമെന്റ് പിരിച്ചുവിടുകയും 1971 ഫെബ്രുവരിയിൽ തിരഞ്ഞെ

ടുപ്പ് നടക്കുകയും ചെയ്തു. ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് വൻ ഭൂരിപക്ഷം നേടി. പ്രിവി പഴ്സ് നിറുത്തലാക്കൽ ബില്ലും ബാങ്ക് ദേശസാൽക്കരണ ബില്ലും വീണ്ടും അവതരിപ്പിച്ച് പാസ്സാക്കി. ഇൻഷുറൻസ്, ഖനികൾ എന്നിവ ദേശസാൽക്കരിച്ചു. ഭരണഘടന ഭേദഗതി ചെയ്ത് മൗലികാവകാശങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന സ്വത്തവകാശം എടുത്തു കളഞ്ഞു. ഇതെല്ലാം സാധാരണ ജനങ്ങൾക്കിടയിൽ സർക്കാരിന്റെ പ്രതിച്ഛായ വർദ്ധിപ്പിച്ചു. ചില സംസ്ഥാന നിയമസഭകളിലേക്കു നടന്ന തിരഞ്ഞെടുപ്പിൽ കോൺഗ്രസ് ഭൂരിപക്ഷം നേടി. അങ്ങനെ കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഒരേ കക്ഷിതന്നെ അധികാരത്തിലെത്തി.

എന്നാൽ പെട്ടെന്നുതന്നെ ജനങ്ങളുടെ പ്രതീക്ഷകൾക്കു മങ്ങലേറ്റു. രൂക്ഷമായ വിലക്കയറ്റവും ഭക്ഷ്യക്ഷാമവുമുണ്ടായി. ഇന്ധന വില വർദ്ധിച്ചു. പണിമുടക്കുകളും തൊഴിൽ സമരങ്ങളും വ്യാപകമായി. റയിൽവേ തൊഴിലാളികൾ വേതനവർദ്ധനവിനായി 1974-ൽ ദീർഘമായ പണിമുടക്കു നടത്തി. ഉത്തർപ്രദേശിൽ പോലീസുകാർ പണിമുടക്കി. അടിച്ചമർത്താൻ ചെന്ന പട്ടാളവുമായുള്ള ഏറ്റുമുട്ടലിൽ നിരവധി പേർ മരണമടഞ്ഞു. ഗുജറാത്തിലും ബീഹാറിലും കോൺഗ്രസ് നേതൃത്വത്തിലുണ്ടായിരുന്ന മന്ത്രിസഭകൾക്കെതിരെ വ്യാപകമായ പണിമുടക്കു നടന്നു. ജവഹർലാൽ നെഹ്റുവിന്റെ സഹപ്രവർത്തകനും സോഷ്യലിസ്റ്റ് നേതാവുമായിരുന്ന ജയപ്രകാശ് നാരായൺ ഈ സമരങ്ങൾക്ക് നേതൃത്വം നൽകി. നിലവിലുള്ള വ്യവസ്ഥിതിക്കെതിരെ സമരം ചെയ്യാൻ അദ്ദേഹം ആഹ്വാനം ചെയ്തു. ഇത് സമ്പൂർണ വിപ്ലവം (Total Revolution) എന്ന പേരിൽ അറിയപ്പെട്ടു.

ഈ സന്ദർഭത്തിലാണ് ഇന്ദിരാഗാന്ധിയുടെ തിരഞ്ഞെടുപ്പിനെ അസാധുവാക്കിക്കൊണ്ട് അലഹബാദ് ഹൈക്കോടതി വിധി പ്രസ്താവിച്ചത്. ഇന്ദിരാഗാന്ധി രാജിവയ്ക്കണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടു. വിദ്യാർത്ഥികളും തൊഴിലാളികളും സമരത്തിൽ പങ്കുചേർന്നു. ഇതിനെ നേരിടുന്നതിനുവേണ്ടി 1975 ജൂൺ 26-ന് രാഷ്ട്രപതി ആഭ്യന്തര അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു.


ജയപ്രകാശ് നാരായൺ

സംഘടിക്കാനും പൊതുയോഗം നടത്താനുമുള്ള സ്വാതന്ത്ര്യം ഇല്ലാതായി. പത്രങ്ങളുടെ മേൽ കർശനനിയന്ത്രണമേർപ്പെടുത്തി. പ്രതിപക്ഷ നേതാക്കളേയും രാഷ്ട്രീയ പ്രവർത്തകരേയും തടങ്കലിലാക്കി. അതിലേക്കായി ഒരു പുതിയ നിയമം കൊണ്ടുവന്നു. അതാണ് ആഭ്യന്തര സുരക്ഷാ നിയമം (Maintenance of Internal Security Act-MISA). പത്രസ്വാതന്ത്ര്യമടക്കമുള്ള ജനാധിപത്യാവകാശങ്ങളെല്ലാം നിഷേധിക്കപ്പെട്ടു. കാലാവധി കഴിഞ്ഞിട്ടും ലോകസഭയിലേക്കും സംസ്ഥാന നിയമസഭകളിലേക്കും തിരഞ്ഞെടുപ്പു നടത്തിയില്ല. ഇന്ത്യൻ ജനാധിപത്യം കടുത്ത വെല്ലുവിളി നേരിട്ട കാലമായിരുന്നു അത്.

1977 മാർച്ചിൽ അടിയന്തിരാവസ്ഥയ്ക്ക് ഇളവു വരുത്തുകയും പ്രതിപക്ഷ നേതാക്കളേയും മറ്റ് രാഷ്ട്രീയ തടവുകാരേയും മോചിപ്പിക്കുകയും ചെയ്തു. തുടർന്ന് പാർലമെന്റിലേക്കും ചില സംസ്ഥാന നിയമസഭകളിലേക്കും തിരഞ്ഞെടുപ്പു നടന്നു. ചില പ്രതിപക്ഷ കക്ഷികൾ ഒരുമിച്ചു ചേർന്ന് ജനതാപാർട്ടി എന്ന ഒരു പുതിയ കക്ഷി രൂപീകരിച്ചാണ് കോൺഗ്രസിനെ നേരിട്ടത്. തിരഞ്ഞെടുപ്പിൽ കോൺഗ്രസ് പരാജയപ്പെട്ടു. ഭൂരിപക്ഷം നേടിയ ജനതാപാർട്ടി നേതാവ് മൊറാർജി ദേശായി പ്രധാനമന്ത്രിയായി മന്ത്രിസഭ രൂപീകരിച്ചു. അങ്ങനെ ജനാധിപത്യം പുനഃസ്ഥാപിക്കപ്പെട്ടു. കൂട്ടുകക്ഷി മന്ത്രിസഭയുടെ തുടക്കം അങ്ങനെയായിരുന്നു. അധികം താമസിയാതെ ആ മന്ത്രിസഭ തകർന്നു. ജനതാപാർട്ടിയിലെ ഘടകകക്ഷികൾ വേറിട്ടു പോയി.



സ്വതന്ത്ര ഇന്ത്യയിൽ കൂട്ടുകക്ഷി മന്ത്രിസഭകൾ നിലവിൽ വരാൻ ഇടയാക്കിയ സാഹചര്യം എന്തായിരുന്നു? ചർച്ച ചെയ്യുക.

## നയവ്യതിയാനം

ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് സമ്പദ്ഘട നയെ ശക്തിപ്പെടുത്താനായി സ്വീകരിച്ച വിവിധ പദ്ധതികളെപ്പറ്റി നിങ്ങൾ മനസ്സിലാക്കിയതാണല്ലോ. ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോൾ ബാങ്കുകൾ, ഇൻഷുറൻസ് കമ്പനികൾ, ഖനികൾ തുടങ്ങിയ മേഖലകളിലും ദേശസാൽക്കരണപരിപാടികൾ നടപ്പിലാക്കിയിരുന്നു. എന്നാൽ 1991-നുശേഷം ഈ നയപരിപാടികളിൽ മാറ്റം വന്നുതുടങ്ങി.

സാർവ്വദേശീയരംഗത്ത് സോവിയറ്റ് യൂണിയന്റെ തകർച്ചയും സോഷ്യലിസ്റ്റ് ചേരിയുടെ തിരോധാനവും ഇന്ത്യയുടെ ആഭ്യന്തരവിദേശനയങ്ങളെ സ്വാധീനിച്ചു. ചേരികളില്ലാതായതോടെ ചേരിചേരാപ്രസ്ഥാനം തന്നെ ദുർബലമായി. അമേരിക്ക നേതൃത്വം നൽകുന്ന സാമ്രാജ്യത്വചേരിയോട് ഇന്ത്യ സഹകരിക്കാൻ തുടങ്ങി. മുമ്പത്തേതുപോലെ റഷ്യയുടെ സഹായം കിട്ടാതേയുമായി.


രാജ്യത്തിനകത്തുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ സ്വകാര്യ മൂലധനനിക്ഷേപം വർദ്ധിപ്പിച്ചു. പലതിനെയും സ്വകാര്യമേഖലയ്ക്ക് വിറ്റു. വിദേശമൂലധനത്തെ ഇന്ത്യയിലേക്ക് സ്വാഗതം ചെയ്യുകയും അതിനുമുമ്പുണ്ടായിരുന്ന നിയന്ത്രണങ്ങൾ നീക്കുകയും ചെയ്തു.

ഇത്തരം നയങ്ങൾ ഉദാരവൽക്കരണം എന്ന പേരിൽ അറിയപ്പെട്ടു. ആഗോളമൂലധനത്തിന്റേയും ചരക്കുകളുടേയും സേവനങ്ങളുടേയും സ്വതന്ത്രമായ വിനിമയം സാദ്ധ്യമാക്കുന്ന ആഗോളവൽക്കരണനയത്തിന്റെ ഭാഗമാണ് ഇത്.



സ്വാതന്ത്ര്യലബ്ധിയുടെ ആദ്യപതിറ്റാണ്ടുകളിലെ സാമ്പത്തികവികസനനയങ്ങളിൽ നിന്നും എത്രമാത്രം വ്യത്യാസപ്പെട്ടിരിക്കുന്നു ഉദാരവൽക്കരണ നടപടികൾ എന്ന് ചർച്ച ചെയ്യുക.

## പ്രവർത്തനങ്ങൾ



- സ്വതന്ത്രഇന്ത്യ ആദ്യകാലത്ത് നേരിട്ട വെല്ലുവിളികൾ തരണം ചെയ്യാൻ ഇന്ത്യയ്ക്ക് കഴിഞ്ഞിട്ടുണ്ടോ? ഒരു സെമിനാർ പ്രബന്ധം തയ്യാറാക്കുക.
- സ്വാതന്ത്ര്യസമരത്തിൽ മുഴങ്ങിക്കേട്ട ആശയങ്ങൾ എത്രമാത്രം പ്രാവർത്തികമാക്കാൻ സ്വതന്ത്ര ഇന്ത്യക്കായിട്ടുണ്ട്? പരിശോധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുക.
- പുതിയ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്നാവശ്യപ്പെട്ട് ഇപ്പോഴും സമരങ്ങൾ നടന്നുവരുന്നു. അതുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ ശേഖരിച്ച് സംസ്ഥാന പുനഃസംഘടന അനിവാര്യമാണോ എന്നതിനെക്കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുക.
- ഇന്ത്യയുടെ 1956-ലെയും ഇന്നത്തെയും രാഷ്ട്രീയ ഭൂപടങ്ങൾ പരിശോധിച്ച് ഇന്നത്തെ ഇന്ത്യൻ സംസ്ഥാനങ്ങൾ 1956-ൽ ഏതേത് പ്രദേശങ്ങളിലായിരുന്നു ഉൾപ്പെട്ടിരുന്നത് എന്ന് പട്ടികപ്പെടുത്തുക. അവിടങ്ങളിലെ ഭാഷയും രേഖപ്പെടുത്തുക.
- താഴെപ്പറയുന്ന മേഖലകളിൽ സ്വതന്ത്ര ഇന്ത്യ നേടിയ നേട്ടങ്ങളെ കാണിക്കുന്ന സചിത്ര വിവരണം തയ്യാറാക്കുക.
  - ❍ കൃഷി
  - ❍ വ്യവസായം
  - ❍ ശാസ്ത്രസാങ്കേതികം
  - ❍ വിദ്യാഭ്യാസം
- ജനുവരി 26 റിപ്പബ്ലിക് ദിനമായി അംഗീകരിക്കാനുള്ള കാരണമെന്തെന്ന് അന്വേഷിച്ച് കുറിപ്പു തയ്യാറാക്കുക.
- തമിഴർ, തെലുങ്കർ, കന്നടക്കാർ തുടങ്ങിയവർ ഏതൊക്കെ സംസ്ഥാനസർക്കാരുകളുടെ കീഴിലായിരുന്നുവെന്ന് അന്വേഷിച്ച് ഒരു പട്ടിക തയ്യാറാക്കു.
- കേന്ദ്രസർക്കാരിന്റേയും കേരള സർക്കാരിന്റേയും ഉടമസ്ഥതയിൽ കേരളത്തിലുള്ള കാർഷിക ഗവേഷണസ്ഥാപനങ്ങളെപ്പറ്റി ഒരു പട്ടിക തയ്യാറാക്കു.
- 1974-നുശേഷം ഇന്ത്യ ആണവായുധ പരീക്ഷണം നടത്തിയോ? അന്വേഷിച്ച് കുറിപ്പ് തയ്യാറാക്കുക.